**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5205** **14-03-2023 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് റവന്യൂവകുപ്പ് ഉദ്യോഗസ്ഥർ നിർവഹിക്കുന്ന ചുമതലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ നിർവഹിക്കുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ വില്ലേജ് ഓഫീസർ അന്വേഷണം നടത്തി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹമായ അപേക്ഷകളിൽ തഹസിൽദാർ ധനസഹായം അനുവദിയ്ക്കുന്നതിനുള്ള ശുപാർശ സഹിതം അപേക്ഷകൾ ജില്ലാകളക്ടർക്ക് സമർപ്പിക്കുകയും, വില്ലേജ് ഓഫീസറുടെയും തഹസിൽദാരുടെയും റിപ്പോർട്ടുകളും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന രേഖകളും മറ്റും പരിശോധിച്ച 10,000/- രൂപ വരെയുള്ള ധനസഹായം ജില്ലാ കളക്ടർ അനുവദിക്കുകയും ചെയ്തു വരുന്നു. ചെലവേറിയ മാരക രോഗങ്ങൾ, അപകട മരണം തീപ്പിടുത്തം, പ്രളയം, പ്രകൃതി ദുരന്തങ്ങൾ, കടൽ ക്ഷോഭം എന്നിവ മൂലമുള്ള നാശനഷ്ടങ്ങൾ എന്നിവയിൽ അർഹമായ ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്യുന്നു. 10000 രൂപ വരെ ധനസഹായം അനുവദിക്കുന്ന കേസുകളിൽ വില്ലേജ് ഓഫീസർ മുതൽ ജില്ലാ കളക്ടർ വരെയും അതിന് മുകളിൽ ഉള്ള കേസുകളിൽ സ്പെഷ്യൽ സെക്രട്ടറി വരെയുമുള്ള ഉദ്യോഗസ്ഥർ അപേക്ഷകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. |
| (ബി) | അപേക്ഷകളുടെ ആധികാരികത പരിശോധിച്ച് ബോധ്യപ്പെടുന്നത് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥനാണോ; ആണെങ്കിൽ ഏത് ഉദ്യോഗസ്ഥനിൽ ആണ് ഈ ചുമതല നിക്ഷിപ്തമായിരിക്കുന്നത് ; | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ വില്ലേജ് ഓഫീസർ അന്വേഷണം നടത്തി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹമായ അപേക്ഷകളിൽ തഹസിൽദാർ ധനസഹായം അനുവദിയ്ക്കുന്നതിനുള്ള ശുപാർശ സഹിതം അപേക്ഷകൾ ജില്ലാകളക്ടർക്ക് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും, വില്ലേജ് ഓഫീസറുടെയും തഹസിൽദാരുടെയും റിപ്പോർട്ടുകളും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന രേഖകളും മറ്റും പരിശോധിച്ച 10,000/- രൂപ വരെയുള്ള ധനസഹായം ജില്ലാ കളക്ടർ അനുവദിക്കുകയും ചെയ്തു വരുന്നു. ചെലവേറിയ മാരക രോഗങ്ങൾ, അപകട മരണം തീപ്പിടുത്തം, പ്രളയം, പ്രകൃതി ദുരന്തങ്ങൾ, കടൽ ക്ഷോഭം എന്നിവ മൂലമുള്ള നാശനഷ്ടങ്ങൾ എന്നിവയിൽ അർഹമായ ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർ സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്യുന്നു. 10000 രൂപ വരെ ധനസഹായം അനുവദിക്കുന്ന കേസുകളിൽ വില്ലേജ് ഓഫീസർ മുതൽ ജില്ലാ കളക്ടർ വരെയും അതിന് മുകളിൽ ഉള്ള കേസുകളിൽ സ്പെഷ്യൽ സെക്രട്ടറി വരെയുമുള്ള ഉദ്യോഗസ്ഥർ അപേക്ഷകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ അനർഹരായ അപേക്ഷകർ ആനുകൂല്യം കൈപ്പറ്റുന്നതിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ വീഴ്ച ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | സി.എം.ഡി.ആർ.എഫ്. ഫണ്ട് അനർഹർ നേടിയെടുക്കുന്നതായി ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ശുപാർശ പ്രകാരം വിജിലൻസിന്റെ ഇന്റലിജൻസ് വിഭാഗം 22/02/23 തീയതിയിൽ "Operation CMDRF" എന്ന പേരിൽ 14 ജില്ലകളിലെയും കളക്ടറേറ്റുകളിലെ സി.എം.ഡി.ആർ.എഫ്. കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. പ്രസ്തുത പരിശോധനകളുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br><br>ഇത് സംബന്ധിച്ച മറ്റ് ക്രമക്കേടുകൾ നടത്തിയവർക്കെതിരെയുള്ള നടപടിക്രമങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു |

സെക്ഷൻ ഓഫീസർ